"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്-കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ എം.ബി.ബി.എസ് വിദ്യാർത്ഥികളുടെ പഠനാവശ്യത്തിനായി മയ്യനാട് FHC-യെ കോളേജിന്റെ റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ ആയി ഉപയോഗപ്പെടുത്തുന്നതിന് അനുമതി നൽകി-ഉത്തരവ്-പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്

സ.ഉ.(സാധാ) നം.839/2022/H&FWD തീയതി,തിരുവനന്തപുരം, 13-04-2022

പരാമർശം:- 1. 17/04/2019-ലെ സ.ഉ.(സാധാ) നം.937/2019/ആ.കു.വ.

2. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 05/04/2022-ലെ NC2/15320/2021/DME നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് വേണ്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിലേക്കായി ആരോഗ്യവകുപ്പിന്റെ നിയന്ത്രണത്തിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കലയ്ക്കോട്, അർബൻ ഹെൽത്ത് സെന്റർ ചാത്തന്നൂർ എന്നീ സ്ഥാപനങ്ങൾ,സ്ഥാപനങ്ങളും തസ്തികകളും ആരോഗ്യവകുപ്പിൽ തന്നെ നിലനിർത്തിക്കൊണ്ട് ടി സ്ഥാപനത്തിലെ സൗകര്യങ്ങൾ ടി മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്ക് ഉപയോഗപ്പെടുത്തുന്നതിന് പരാമർശം 1 ലെ ഉത്തരവ് പ്രകാരം അനുമതി നൽകുകയുണ്ടായി .കൊല്ലം മെഡിക്കൽ കോളേജിന്റെ RHTC (Rural Health Training Centre) ആയി നിലവിൽ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്ന കലയ്ക്കോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ (CHC) എം.ബി.ബി.എസ് കോഴ്സിന്റെ അംഗീകാരത്തിനായി എൻ.എം.സി മാനദണ്ഡപ്രകാരമുള്ള സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാൽ മെഡിക്കൽ കോളേജിൽ നിന്നും എൻ.എം.സി അനുശാസിക്കുന്ന ദൂരപരിധിയിൽ സ്ഥിതി ചെയ്യുന്നതും ടി സൗകര്യങ്ങളോടു കൂടിയതുമായ മയ്യനാട് FHC-യെ കൊല്ലം മെഡിക്കൽ കോളേജിന്റെ റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ ആക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം 2 -ലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ എം.ബി.ബി.എസ് വിദ്യാർത്ഥികളുടെ പഠനാവശ്യത്തിനായി ആരോഗ്യവകുപ്പിന്റെ നിയന്ത്രണത്തിലുള്ള മയ്യനാട് FHC-യെ റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ ആയി ഉപയോഗപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ദിലീപ്.സി.ഡി**

**ജോയിന്റ് സെക്രട്ടറി**

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കൊല്ലം

മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം (FHC), മയ്യനാട്, കൊല്ലം.

ഇൻഫർമേഷൻ ഓഫീസർ, ഐ &പി.ആർ.ഡി, ഗവ.സെക്രട്ടേറിയറ്റ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (S3/136/2022-ആരോഗ്യം)

ഉത്തരവിൻ പ്രകാരം

Signed by Muraleedharan
Chettiyar
Date: 13-04-2022 12:49:33

സെക്ഷൻ ഓഫീസർ